**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **10-06-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിന്റെ പഞ്ചായത്ത് വക സ്ഥലം സംബന്ധിച്ച് എൽ.എസ്.ജി.ഡി./ആർ.സി.4/137/2017 & കമ്പ്യൂട്ടർ നം.469030 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | സർക്കാരിൽ ലഭ്യമായ രേഖകൾ പ്രകാരം 09.05.2017-ലാണ് ആർ.സി4/137/2017/ത.സ.ഭ.വ. നമ്പർ ഫയലിൽ നടപടികൾ ആരംഭിച്ചത്. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 19 ഏക്കർ 39.147 സെന്റ് വസ്തു ഗവ. പോളിടെക്നിക്ക് കോളേജിന് വിട്ടുകൊടുക്കുന്നതിന് 22.03.2005-ലെ സ.ഉ.(സാധാ) നം. 1105/05/ ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.<br><br>ടി ഭൂമിയിൽ നിന്നും 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് വിട്ടു നൽകുന്നതിന് 30.07.2014 ലെ സ.ഉ.(സാധ) നം.1969/2014/ ത.സ്വ.ഭ.വ. പ്രകാരം അനുമതി നല്കുകയുണ്ടായി.<br><br>AICTE വ്യവസ്ഥ പ്രകാരം 20 ഏക്കർ സ്ഥലം ആവശ്യമുണ്ടായിരുന്ന കാലഘട്ടത്തിലാണ് പോളിടെക്നിക്കിന് പരമാവധി സ്ഥലം ലഭ്യമാക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചത്. എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായി കണക്കാക്കുന്നത് 8 ഏക്കർ സ്ഥലം മാത്രമാണ്. ആയതിനാൽ സ്ഥാപനത്തിന്റെ ഭാവി വികസന ആവശ്യങ്ങൾകൂടി കണക്കിലെടുത്ത് 8.5 ഏക്കർ സ്ഥലം പോളിടെക്നിക്കിന് വിട്ടു നല്കുന്നതിന് 21.11.2017-ലെ സ.ഉ.(സാധാ)നം.3727/2017/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.<br><br>ശേഷിക്കുന്ന ഭൂമി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഗവ. പോളിടെക്നിക്ക് കോളേജിനും കേന്ദ്രീയ വിദ്യാലയത്തിനും ഭൂമി അനുവദിച്ച ശേഷം ബാക്കി വരുന്ന സ്ഥലത്തുനിന്നും 60.5 സെന്റ് സ്ഥലം |

| | | | |
|---|---|---|---|
| | | | ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും, 9 സെന്റ് സ്ഥലം ഗവ. ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനും, 8 സെന്റ് സ്ഥലം അംഗൻവാടി സ്ഥാപിക്കുന്നതിനും, 3 സെന്റ് സ്ഥലം പോളിടെക്നിക്ക്, കേന്ദ്രീയ വിദ്യാലയം എന്നീ ആവശ്യങ്ങൾക്കായി സ്ഥലമെടുപ്പ് നടത്തിയപ്പോൾ ജീവിക്കാൻ മറ്റ് നിർവ്വാഹമില്ലാത്ത ഒരു വ്യക്തിക്ക് വിട്ടു നൽകുന്നതിനും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതി സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുള്ളതാണെന്നും, കൂടാതെ ശേഷിക്കുന്ന ഭൂമിയിൽ നിന്നും ഒരേക്കർ ഭൂമി ലൈഫ് മിഷന് വിട്ടു നല്കുന്നതിനും തീരുമാനിച്ചിരുന്നുവെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.<br><br>എന്നാൽ ഇത് സംബന്ധിച്ച് ഓരോ ആവശ്യത്തിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമായ ശിപാർശയോടെ പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.<br><br>അതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.01.2024 -ലെ LSGD/PD/3968/2024-AR2 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയത്തിന്മേൽ ഈ വകുപ്പിലെ ആർ.ഇ1/13/2024/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ തുടർ നടപടി സ്വീകരിച്ചുവരികയാണ്. |
| (ബി) | കടുത്തുരുത്തി ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജിന്റെ കൈവശമുണ്ടായിരുന്നതും ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിശദാംശങ്ങൾ റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തി, ടി സർവെ സ്കെച്ച് വിഷൻ & മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള വിവരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | അറിയിച്ചിട്ടില്ല. വിഷൻ & മിഷൻ പോർട്ടലിൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലോഗിൻ ലഭ്യമല്ലാത്തതിനാലാണ് ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ട് റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച സ്കെച്ച്, വിഷൻ & മിഷൻ പോർട്ടലിൽ അപ് ലോഡ് ചെയ്യാതിരുന്നതെന്നാണ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളത്. വിഷൻ & മിഷൻ പോർട്ടൽ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതാകയാൽ ടി പോർട്ടലിൽ ലോഗിൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ആയത് ലഭിക്കുന്ന മുറയ്ക്ക് സർവ്വേ സ്കെച്ച് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതാണെന്ന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (സി) | ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവഴിക്കായി നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് റവന്യൂ വകുപ്പ് | (സി) | കടുത്തുരുത്തി ഗവ: പോളിടെക്നിക് കോളേജിന്റെ കൈവശം ഉണ്ടായിരുന്നതും, ഗ്രാമപഞ്ചായത്ത് പൊന്നും വിലക്ക് വാങ്ങിയതുമായ സ്ഥലത്തിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും, പൊതു വഴിയ്ക്കായി |

| | | | |
|---|---|---|---|
| | നൽകിയ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കാൻ ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ? | | നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും തിട്ടപ്പെടുത്തി ബാക്കിയുള്ള സ്ഥലം പഞ്ചായത്തിന്റെ പൊതു വികസന പ്രവർത്തനങ്ങൾക്കായി വിട്ടു കിട്ടുന്നതിനായി പഞ്ചായത്ത് നൽകിയിരുന്ന പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രൊപ്പോസലിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് അളന്ന് തിട്ടപ്പെടുത്തിയ സർവ്വെ സ്കെച്ചും, റിപ്പോർട്ടും, അനുബന്ധ രേഖകളും പഞ്ചായത്ത് തീരുമാനവും കട്ടുത്തുരുത്തി പഞ്ചായത്ത് സെക്രട്ടറിയുടെ 22.01.2024 ലെ കത്ത് പ്രകാരം കോട്ടയം ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കുകയും ആയത് 29.01.2024-ന് ഇ-മെയിൽ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വകുപ്പിന്റെ ആർ.ഇ1/13/2024/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ തുടർനടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ